**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1100** **02-02-2026 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ നിയോജക മണ്ഡലത്തിലെ കുടിവെള്ള കണക്ഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാരിന്റെ കാലയളവിൽ ആലപ്പുഴ നിയോജക മണ്ഡലത്തിൽ ആകെ എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്; ഇതിനായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ വിശദാംശങ്ങൾ നൽകാമോ; ആലപ്പുഴ മണ്ഡലത്തിൽ കുടിവെള്ള കണക്ഷനുകൾ ആകെ എത്ര ശതമാനം കൈവരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ ആലപ്പുഴ മണ്ഡലത്തിൽ തീര സംരക്ഷണത്തിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) | ആലപ്പുഴ മണ്ഡലത്തിൽ തീരസംരക്ഷണത്തിനായി ആകെ ചിലവഴിച്ച തുകയും പ്രവൃത്തിയുടെ വിശദാംശങ്ങളും അനുബന്ധം (2) ആയി ചേർക്കുന്നു. ടി പ്രവൃത്തികൾ പല പ്രാവശ്യം ടെൻഡർ ചെയ്തെങ്കിലും ആരും ബിഡ് സമർപ്പിച്ചിട്ടില്ല. എന്നാൽ നിലവിൽ LMR Update ആയതിനാൽ ടി പ്രവൃത്തികൾ റീ-ടെണ്ടർ ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>കൂടാതെ കിഫ്ബി ധനസഹായത്തോടെ ആലപ്പുഴ ഒന്നാം ഘട്ട തീരദേശ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുന്ന കാട്ടൂരിൽ (കിഫ്ബി സാമ്പത്തിക അനുമതി തുക - ₹74.02 കോടി രൂപ; അടങ്കൽ തുക - ₹72.64 കോടി രൂപ) 34 പുലിമുട്ടുകളുടെ നിർമ്മാണ പദ്ധതി 15.05.2025 പൂർത്തീകരിച്ചു. 3.16 കിലോമീറ്റർ തീരസംരക്ഷണം ഈ പദ്ധതിയിലൂടെ ഉറപ്പാക്കുന്നു. ഇതിന് പുറമെ ആലപ്പുഴ രണ്ടാം ഘട്ട തീരദേശ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുന്ന കാട്ടൂർ - പൊള്ളത്തൈ ഭാഗത്ത് 9 പുലിമുട്ടുകൾ ഉൾപ്പെടുന്ന പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് ആലപ്പുഴ മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി ആകെ എത്ര തുക | (സി) | ഈ സർക്കാരിന്റെ കാലത്ത് ആലപ്പുഴ മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ച തുകയും |

| | | | |
|---|---|---|---|
| | അനുവദിച്ചിട്ടുണ്ട്; ഓരോ പ്രവൃത്തിയുടെയും വിശദാംശങ്ങൾ നൽകാമോ? | | പ്രവൃത്തിയുടെ വിശദാംശങ്ങളും അനുബന്ധം (3) ആയി ചേർക്കുന്നു.<br><br>കൂടാതെ ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണം ഘട്ടം – 1, ആലപ്പുഴ കനാലിന്റെ ബ്യൂട്ടിഫിക്കേഷൻ - ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണം ഘട്ടം -2 എന്നീ രണ്ട് പദ്ധതികൾക്കായി 108 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ. ഡി.സി. കിഫ്ബി ധനസഹായത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്. ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണം ഘട്ടം-1, ആലപ്പുഴ കനാലിന്റെ ബ്യൂട്ടിഫിക്കേഷൻ, ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണം ഘട്ടം-2 എന്നീ രണ്ട് പദ്ധതികൾക്കായി 96.509 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. ആലപ്പുഴ നഗരത്തിലെ 9 പ്രധാന കനാലുകളുടെയും 2 ഉപകനാലുകളുടെയും ശുചീകരണവും, ആഴം കൂട്ടലും കൂടാതെ ആലപ്പുഴ-ചേർത്തല കനാലിലെ 9 കലുങ്കുകളുടെയും നിർമ്മാണം എന്നിവയാണ് ഒന്നാം ഘട്ട പദ്ധതി ഘടകങ്ങൾ. ഇതിൽ ആലപ്പുഴ കനാൽ നവീകരണത്തിന്റെ ഒന്നാം ഘട്ട പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആലപ്പുഴ കനാൽ നവീകരണത്തിന്റെ രണ്ടാം ഘട്ട പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. നിലവിൽ രണ്ടാം ഘട്ട പദ്ധതി പ്രവൃത്തികൾ 97% പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം -1</u>

| ക്രമ നം. | പഞ്ചായത്ത് | നൽകാനുള്ള കണക്ഷനുകളുടെ എണ്ണം | നൽകിയ കണക്ഷനുകളുടെ എണ്ണം | ബിൽ തുക (ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | ആര്യാട് | 6228 | 2456 | 241.21 | നിലവിലെ സർക്കാരിന്റെ കാലയളവിൽ ആലപ്പുഴ നിയോജക മണ്ഡലത്തിൽ ഇതുവരെ 65.88% കണക്ഷനുകൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ള കണക്ഷനുകൾ നൽകുന്നതിന് കിഫ്ബി പദ്ധതി മുഖേന നടപ്പിലാക്കുന്ന വിതരണ ശൃംഖലയുടെ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. |
| 2 | മാരാരിക്കുളം തെക്ക് | 7496 | 4400 | 554.43 | |
| 3 | മണ്ണഞ്ചേരി | 11213 | 5250 | 962.25 | |
| 4 | മാരാരിക്കുളം വടക്ക് | 5359 | 5109 | 710.65 | |
| 5 | ആലപ്പുഴ മുനിസിപ്പാലിറ്റി | 11000 | 9994 | 1082.65 | |
| | **ആകെ** | **41296** | **27209** | **3551.19** | |

## അനുബന്ധം (1)

| Sl.No. | Name of work | Amount in Lakhs | Status |
|---|---|---|---|
| 1 | ASE -2024-25 Urgent protection work between CESP 675 and 680 at Viyani Beach in Punnapra South Panchayth in Ambalappuzha LA Constituency. | 30 | Retender stage after LMR updation |
| 2 | ASE -2024-25 Urgent protection work between CESP 676 and 678 at near Punnapra market-Viyani Road in Punnapra South Panchayth in Ambalappuzha LA Constituency. | 20 | Retender stage after LMR updation |

അനുബന്ധം (2)

| Sl.No. | Name of work | Amount in Lakhs | Status |
|---|---|---|---|
| 1 | GENERAL-Protection works -Protection works of **Cheriyapozhy**, Phase-1 in Mararikkulam South Panchayath in Alappuzha LAC-General Civil Work | 25 | Site hand over to the Contractor |
| 2 | GENERAL-Protection work-Protection work on west bank of Vembanadukayal near **Little flower church** in AryadPanchayth in Alappuzha LA Constituency-General Civil Work | 16.48 | Tender stage |
| 3 | GENERAL-Mararikulam South Panchayath-Improvements and Protection works in **Odapozhi, and Theeyyasseri**in Mararikkulam South Panchayath and ArayadPanchayth in Alappuzha LAC.-General Civil Work | 500 | post tender stage |
| 4 | Protection works in kainakary pallithodu in Kainakary Panchayath in Kuttanad LA Constituency | 21 | Work ongoing |
| 5 | Protection works in eastern bank in Murinjappuazha thodu in Alappuzha Municipality in Alappuzha LA Constituency, | 33 | Work completed |